## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1664 16.06.2014 -ലെ മറുപടിയ്ക്ക്**

## സർക്കാർ സേവനങ്ങൾ കാര്യക്ഷമമാക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.എ.മാധവൻ<br>ശ്രീ. വി.റ്റി. ബൽറാം<br>ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി<br>ശ്രീ. എ. റ്റി. ജോർജ്. | ശ്രീ. ഉമ്മൻചാണ്ടി<br>(ബഹു: മുഖ്യമന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് കെട്ടിക്കിടക്കുന്ന ഫയലുകൾ തീർപ്പാക്കാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ; | (എ)<br>&<br>(ബി) | ഉണ്ട്. നൂറുദിന കർമ്മ പരിപാടിയോടനുബന്ധിച്ച് ഫയൽ തീർപ്പാക്കൽ തീവ്രയത്ന പരിപാടി നടത്തുവാൻ തീരുമാനിക്കുകയുണ്ടായി. ഇതിൻപ്രകാരം 3 വർഷത്തിൽ കൂടുതൽ പഴക്കമുള്ള കെട്ടിക്കിടക്കുന്ന എല്ലാ ഫയലുകളും തീർപ്പാക്കുന്നതിനായി 2014 മെയ്-ജൂൺ മാസങ്ങളിൽ മൂന്നു ഘട്ടങ്ങളിലായി ഒരു പ്രത്യേക ഫയൽ തീർപ്പാക്കൽ തീവ്രയത്ന പരിപാടി നടന്നുകൊണ്ടിരിക്കുകയാണ്. ഇതിലൂടെ സെക്രട്ടേറിയറ്റിലും വിവിധ സർക്കാർ വകുപ്പുകളിലും കളക്ടറേറ്റുകളിലുമായി കെട്ടിക്കിടക്കുന്ന സാങ്കേതികവും നിയമപരവുമായ തടസ്സങ്ങളില്ലാത്ത എല്ലാ ഫയലുകളും തീർപ്പാക്കാൻ സാധിക്കുന്നതാണ്. വിശദാംശങ്ങൾ അനുബന്ധം 1 ൽ കാണാവുന്നതാണ്. |
| (ബി) | എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ; | | |
| (സി) | സർക്കാർ സേവനങ്ങൾ വേഗത്തിലും കാര്യക്ഷമമായും ജനങ്ങൾക്ക് ലഭിക്കുവാൻ എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; വിശദമാക്കുമോ ; | (സി) | ഫയൽ അദാലത്തുകളിൽ കെട്ടിക്കിടക്കുന്ന ഫയലുകൾ വിശദമായി പരിശോധിക്കാനും അവയിൽ നടപടി എടുക്കുവാൻ അവശേഷിക്കുന്നുണ്ടെങ്കിൽ ആയതിനുള്ള തീരുമാനവും സാധ്യമെങ്കിൽ ആ സമയത്ത് തന്നെ എടുക്കുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്. സർക്കാർ സേവനങ്ങൾ വേഗത്തിലും കാര്യക്ഷമമായും ജനങ്ങളിലെത്തിക്കുവാനും കമ്പ്യൂട്ടർവൽക്കരണം, |

| | | | |
|---|---|---|---|
| | | | പഞ്ചദിനചട്ടം, സേവനാവകാശ നിയമം, ഇ - ഫയലിംഗ്, ഇ - ടെന്ററിംഗ്, ഐഡിയാസ് തുടങ്ങിയ ആധുനിക സംവിധാനങ്ങൾ വ്യാപകമാക്കിക്കൊണ്ടിരിക്കുകയാണ്. |
| (ഡി) | ആരുടെ നേതൃത്വത്തിലാണ് പദ്ധതി നടപ്പാക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം? | (ഡി) | നൂറുദിന കർമ്മ പരിപാടി പ്രകാരമുള്ള ഫയൽ അദാലത്ത് ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിലെ സ്പെഷ്യൽ ഡ്രൈവ് ടീമിന്റെ മേൽനോട്ടത്തിലാണ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. വിശദാംശങ്ങൾ അനുബന്ധം II ൽ ചേർത്തിരിക്കുന്നു. |

**സെക്ഷൻ ഓഫീസർ**

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്